(ബി) ഇതിനുശേഷം അസിസ്റ്റന്റ് എഞ്ചിനീയറോ മറ്റ് ബന്ധപ്പെട്ടവരാരെങ്കിലുമോ നേരിട്ട് അന്വേഷണം നടത്തുകയോ പോസ്റ്റ് മാറ്റാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ് ;

(ഡി) പ്രസ്തുത ഉപഭോക്താവിന്റെ പരാതിയിൽ ഉന്നയിച്ച പ്രശ്നം പരിഹരിക്കാൻ സത്വര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 4-1-2006-ൽ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 8 മീറ്റർ നീളമുള്ള പോസ്റ്റ് ലഭ്യമല്ലാതിരുന്നതിനാൽ ഉടൻ മാറ്റാൻ സാധിച്ചില്ല. എന്നാൽ 8-2-2006-ൽ 8 മീറ്റർ പോസ്റ്റ് ലഭിക്കുകയും അന്നുതന്നെ പോസ്റ്റ് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ബാധകമല്ല.

മഞ്ചേരി മണ്ഡലത്തിൽ മിനിമം ഗ്യാരണ്ടി വച്ച വർക്കുകൾ

89 [1211] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ മിനിമം ഗ്യാരണ്ടി വച്ച വർക്കുകൾ എത്രയാണ് ;

(ബി) ഈ വർക്കുകൾ എന്നത്തേക്ക് പൂർത്തിയാവും എന്നറിയിക്കാമോ ;

(സി) മഞ്ചേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും അരീക്കോട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും വൈദ്യുതി കണക്ഷന് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് ;

(ഡി) ഇവ എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

(സി) മഞ്ചേരി — 2037 എണ്ണം
അരീക്കോട് — 2261 എണ്ണം

(ഡി) സാധന സാമഗ്രികൾ ലഭ്യമാകുന്ന മുറയ്ക്ക് എത്രയും വേഗം വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്.

GPM. 2/154/2013—15

LIBRARY ARCHIVES Kerala Legislative Assembly